## കൃപാസനം പ്രസാദവരമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!

**വെബ്സൈറ്റിൽ തിരിതെളിയിച്ചശേഷം മുട്ടുകുത്തി നിന്ന് കൃപാസനം പ്രത്യക്ഷീക രണ പ്രാർത്ഥന ദിവസവും വെളുപ്പിന് 5.30നും, ഉടമ്പടി പ്രാർത്ഥന ബുധൻ, ശനി ദിവ സങ്ങളിൽ കുടുംബപ്രാർത്ഥനയ്ക്കുശേഷവും ചൊല്ലുക.**

### 1.പ്രഭാതപ്രാർത്ഥന

അമ്മേ!പരിശുദ്ധ അമ്മേ/ ദൈവമാതാവേ!/ കൃപാസനത്തിലൂടെ/ഞങ്ങൾക്കും/ഞങ്ങ ളുടെ ദേശത്തിനും/അമ്മ മാദ്ധ്യസ്ഥം തേടി തന്ന/എല്ലാ അനുഗ്രഹങ്ങൾക്കും/കൃപകൾക്കും/ ഞങ്ങളിപ്പോൾ/ ഹൃദയം നിറഞ്ഞ നന്ദി പറയുന്നു.

അമ്മേ പരിശുദ്ധ അമ്മേ/ദൈവമാതാവേ!/2004 ഡിസംബർ 7-ാം തീയതി ഉച്ചകഴിഞ്ഞ് 2.30ന് കൃപാസനത്തിൽ സംഭവിച്ച അമ്മയുടെ പ്രത്യക്ഷപ്പെടലിനെക്കുറിച്ച്/തിരുസഭയ്ക്ക് സമർപ്പിച്ചിരിക്കുന്ന പഠനരേഖകളുടെമേൽ/വസ്തുനിഷ്ഠവും/ദൈവശാസ്ത്ര വിധിപ്രകാരമു ള്ളതുമായ/അന്വേഷണ പഠനങ്ങൾ നടത്തി/ആ പ്രത്യക്ഷപ്പെടലിലൂടെ പ്രകടമായ/ദൈവമാ താവിന്റെ പ്രത്യേക കരുതലും/സംരക്ഷണവും വെളിപ്പെടുത്തുന്ന/പീഢിതരുടെ ആശ്വാസവും/ പ്രവാചകന്മാരുടെ രാജ്ഞിയും/വാഗ്ദാനത്തിന്റെ പേടകവും/പ്രപഞ്ച പ്രകൃതിയുടെ മാതാ വുമായ/പരിശുദ്ധ അമ്മയുടെ ഭക്തി/തിരുസഭയിൽ കൂടുതൽ പ്രചരിച്ച്/ജീവിതത്തിന്റെ ദുരിത /ദുരന്ത അവസ്ഥകളിൽ/അകപ്പെട്ടുകഴിയുന്ന/അനേകായിരം മക്കൾക്ക്/ദൈവത്തിന്റെ സാന്നി ദ്ധ്യവും/സന്തിപ്പും കൂടുതൽ അനുഭവിക്കുക വഴി/ആത്മീയ വിശുദ്ധിയും/ദൈവശക്തിയും/ കൈവരിക്കുവാൻ/ഞങ്ങളുടെ കുടുംബങ്ങളെ/ഇടയാക്കണമേ.

അമ്മേ, പരിശുദ്ധ അമ്മേ/ഭൂ-സ്വർലോകങ്ങളുടെ രാജ്ഞിയായ/അങ്ങേയ്ക്ക്/ ഭൗമ സംര ക്ഷണത്തിനായി/പ്രപഞ്ച പ്രകൃതിയെതന്നെ/തിരുസഭ, പ്രതിഷ്ഠിക്കുവാൻ/ ഈ പ്രത്യക്ഷീ കരണംവഴി/ഇടയാക്കേണമേ/പരിശുദ്ധ അമ്മേ/ജപമാല മാതാവേ/സകല കൃപാസനം/ പ്രാർത്ഥനകളോടും ചേർത്ത്/ ഞങ്ങൾ ഇപ്പോൾ പ്രാർത്ഥിക്കുന്ന ഈ കുടുംബത്തിന്റെ/ പ്രത്യേക നിയോഗവും(നിയോഗം പറയുക)/അമ്മയുടെ പ്രത്യക്ഷീകരണത്തിന്റെ ഈ അനു ഗ്രഹവേളയിൽ/ഞങ്ങൾക്ക്/സാധിച്ചുതരുവാൻ കനിയണമേ. ആമേൻ.

1.വിശ്വാ. 7 സ്വർഗ്ഗ. 7 നന്മ.

2004 ഡിസംബർ 7-ാം തീയതി ഉച്ചയ്ക്ക് 2.30ന് കൃപാസനം അൾത്താരയിൽ നടന്ന പരിശുദ്ധ ദൈവമാതാവിന്റെ പ്രത്യക്ഷപ്പെടൽ അത്ഭുതസംഭവം, നിഷ്പക്ഷവും വസ്തുനിഷ്ഠവുമായി അന്വേഷണ പഠനം നടത്തി തിരുസഭാ സമക്ഷം ദൈവഹിതം വെളിവാക്കുന്നതിന് വേണ്ടി ആലപ്പുഴ രൂപതാ അദ്ധ്യക്ഷൻ റൈറ്റ്. റവ.ഡോ.സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവിന് കൃപാ സനം ഡയറക്ടർ ഫാ.വി.പി.ജോസഫ് വലിയവീട്ടിൽ-അന്വേഷണപഠനത്തിന് സഹായകരമായ അനുബന്ധ രേഖകളടങ്ങിയ 329 പേജുള്ള അപേക്ഷയോടു കൂടിയ ബൈന്റു ചെയ്ത പഠന ഗ്രന്ഥം 2016 ജൂലൈ 20-ാം തീയതി വൈകുന്നേരം 4.00 മണിക്ക് ആലപ്പുഴ ബിഷപ്പ് ഹൗസിൽ വെച്ച് പിതാവിന് സമർപ്പിച്ചു.

ഡോ.ഫാ.വി.പി.ജോസഫ് വലിയവീട്ടിൽ

## 2. സന്ധ്യാപ്രാർത്ഥന

**ഉടമ്പടി പ്രാർത്ഥനയ്ക്ക് ശേഷം 1 വിശ്വാസപ്രമാണം, 1 സ്വർഗ്ഗ. 1 നന്മ. കൂടി ചൊല്ലുക.**

**ഉടമ്പടി പ്രാർത്ഥന ചൊല്ലുന്നതിന് മുമ്പ് ഉടമ്പടി പത്രം വായിക്കുക.**

### A).ഉടമ്പടി പത്രം

ദൈവമഹത്വത്തിനും ജീവിത വിശുദ്ധിക്കും വേണ്ടി പരിശുദ്ധ അമ്മയോട് ചെയ്യുന്ന ഉടമ്പടി പ്രകാരം എന്റെ ആന്തരിക വിശുദ്ധിക്കും പ്രാർത്ഥനാ ഫലത്തിനും വേണ്ടി താഴെക്കൊടുത്തിരിക്കുന്ന ദുശ്ശീലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടവ ഞാൻ ദൈവനാമത്തിൽ വെറുത്തുപേക്ഷിക്കുന്നു.

**1.** ഗലാ:5:19 പ്രകാരം എന്റെ ആത്മാവിന് വിരുദ്ധമായ ജഡികപാപങ്ങളായ വ്യഭിചാരം,അശുദ്ധി,ദുർവൃത്തി,വിഗ്രഹാരാധന ആഭിചാരം, ശത്രുത,കലഹം,അസൂയ,കോപം,മാത്സര്യം, ഭിന്നത,വിഭാഗീയചിന്ത,വിദ്വേഷം,മദ്യപാനം,മദിരോത്സവം,ഇവയും സദൃശ്യമായ മറ്റ് പ്രവർത്തികളും ഞാൻ ഉപേക്ഷിക്കുന്നു.

**2.**എന്നെ വേദനിപ്പിച്ചവരോട് ഞാൻ ക്ഷമിക്കുന്നു. ആരോടെങ്കിലും എന്റെ ഹൃദയത്തിൽ ഉണ്ടായിരിക്കുന്ന വെറുപ്പിനെ ഞാൻ സ്നേഹമായി മാറ്റി അവരുമായി സഹകരിക്കും.

**3.** തിന്മയും പരദൂഷണവും സംസാരിക്കുന്നതിൽ നിന്ന് ഞാൻ എന്റെ നാവിനെ പൂർണ്ണമായി നിയന്ത്രിക്കും

**4.** ഞാൻ ഈശോയെപോലെ ഹൃദയ ശാന്തതയും, എളിമയും ക്ഷമയുമുള്ള ദൈവവിശ്വാസിയാവും.

**5.** എന്റെ ബലഹീനതയായ മദ്യപാനം, ലഹരിവസ്തു ഉപയോഗം എന്നിവ ഞാൻ വിട്ടുപേക്ഷിക്കുന്നു.

കുറിപ്പ്: തുടക്കക്കാർ മേൽപറഞ്ഞ ദു:ശീലങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം വെറുത്തുപേക്ഷിക്കുക. മദ്യപാനികളും ലഹരിമരുന്നിന് അടിപ്പെട്ടവരും അതിൽനിന്ന് പിന്മാറുമെന്ന് ഉറപ്പുവരുത്തുക.

### ആത്മീയ ശാക്തീകരണ നടപടികൾ

**ഉടമ്പടി പ്രകാരം വെബ്സൈറ്റിൽ തിരിതെളിയിച്ചിരിക്കുന്ന വ്യക്തികൾ എല്ലാ മാസവും ആദ്യഞായർ, ആദ്യചൊവ്വ, മൂന്നാംചൊവ്വ , നാലാംചൊവ്വ എന്നീ കൂട്ടായ്മകളിൽ ഏതെങ്കിലും കൃപാസനം ഫേസ്ബുക്കിലൂടെയോ (www.facebook.com/FrVPJosephkreupasanam) യൂട്യൂബിലൂടെയോ(kreupasanam Marian shrine)പങ്കെടുക്കേണ്ടതാണ്.**

## B).ഉടമ്പടി പ്രാർത്ഥന

**പരിശുദ്ധ അമ്മേ, കൃപാസനം പ്രസാദവരമാതാവേ, അങ്ങേ സന്നിധിയിൽ ഞാൻ ചെയ്ത ഉടമ്പടിപാലിക്കാൻ എനിക്കു ശക്തിതരണമേ. കൃപാസനത്തിലെ മരിയൻ കൃപാഭിഷേക ധ്യാനത്തിൽ പങ്കെടുത്തു പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനയോട് ചേർത്ത് എന്റെ ആവശ്യം സാധിച്ചു തരണമേ.**

**1 സ്വർഗ്ഗ. 1 നന്മ.**

**പരിശുദ്ധ അമ്മേ കൃപാസനം പ്രസാദവരമാതാവേ, അങ്ങേ സന്നിധിയിൽ ഞങ്ങൾ ചെയ്ത ഉടമ്പടിപാലിക്കാൻ എന്റെ കുടുംബത്തിനു ശക്തി തരണമേ. ആദ്യചൊവ്വാഴ്ച കൃപാസന ത്തിൽ ഉപവാസംഎടുത്തു പ്രാർത്ഥിക്കുന്ന സർവ്വരുടേയും പ്രാർത്ഥനയോട് ചേർത്ത് എന്റെ കുടുംബത്തിന്റെ ആവശ്യം സാധിച്ചുതരണമേ.**

**1 സ്വർഗ്ഗ. 1 നന്മ.**

**അമ്മേ പരിശുദ്ധ അമ്മേ, കൃപാസനം പ്രസാദവരമാതാവേ, അങ്ങേ സന്നിധിയിൽ എന്റെ പ്രിയപ്പെട്ടവർക്കായി ഞാൻ ചെയ്ത ഉടമ്പടി പാലിക്കാൻ എനിക്കു ശക്തി തരണമേ. ആദ്യ ഞായറാഴ്ച കൃപാസനത്തിൽ നടക്കുന്ന ദിവ്യകാരുണ്യ ദമ്പതി ധ്യാനത്തിൽ പങ്കെടുത്തു പ്രാർത്ഥിക്കുന്ന സർവ്വരുടേയും പ്രാർത്ഥനയോട് ചേർത്ത് എന്റെ കുടുംബത്തിന്റെ ആവശ്യം സാധിച്ചുതരണമേ.**

**1 സ്വർഗ്ഗ. 1 നന്മ.**

## വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും, ആകാശത്തിന്റെയും ഭൂമിയുടെയും, സൃഷ്ടാവുമായ ദൈവ ത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും, ഞങ്ങളുടെ കർത്താവുമായ ഈശോ മിശിഹായിലും, ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി, കന്യാ മറിയത്തിൽനിന്നു പിറന്നു; പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഢകൾ സഹിച്ച്, കുരി ശിൽ തറയ്ക്കപ്പെട്ട്, മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽനിന്നും, മൂന്നാംനാൾ ഉയിർത്തു; സ്വർഗ്ഗത്തിലേക്കെഴുന്നുള്ളി, സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ, വലതുഭാഗത്ത് ഇരിക്കുന്നു. അവിടെനിന്നു ജീവിക്കുന്നവരേയും മരിച്ചവരേയും, വിധിക്കാൻ വരു മെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോ ലിക്കാ സഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും, ശരീരത്തിന്റെ ഉയിർപ്പിലും, നിത്യമായ ജീവിതത്തിലും, ഞാൻ വിശ്വസിക്കുന്നു. ആമേൻ.

## സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകേണമേ; അങ്ങയുടെ രാജ്യം വരേണമെ, അങ്ങയുടെ തിരുമനസ്സു, സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകേണമേ,

അന്നന്നുവേണ്ടുന്ന ആഹാരം, ഇന്നും ഞങ്ങൾക്കു തരേണമേ, ഞങ്ങളോടു തെറ്റു ചെയ്യു ന്നവരോടു, ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കേണമെ; ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ.

## നന്മ നിറഞ്ഞ മറിയമേ

നന്മ നിറഞ്ഞ മറിയമേ, സ്വസ്തി! കർത്താവ് അങ്ങയോടുകൂടെ, സ്ത്രീകളിൽ അങ്ങ് അനു ഗ്രഹിക്കപ്പെട്ടവളാകുന്നു, അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകു ന്നു.

പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി, ഇപ്പോഴും ഞങ്ങ ളുടെ മരണസമയത്തും, തമ്പുരാനോട് അപേക്ഷിക്കണമേ.

**(കുറിപ്പ്: ഉടമ്പടി പ്രാർത്ഥനയുടെ കാലയളവ് ഒക്ടോബർ മുതൽ അടുത്ത ഒക്ടോബർ വരെയാണ്)**